# പെരിങ്ങര ഗ്രാമപഞ്ചായത്ത്

## 2026–2027 സാമ്പത്തിക വർഷത്തെ കരട്

## ബജറ്റ്

(ധനകാര്യ സ്ഥിരം സമിതിയുടെ 09-03-2026 തീയതിയിലെ

1-നമ്പർ തീരുമാനം പ്രകാരം

അംഗീകരിച്ചത്.)

# <u>പെരിങ്ങര ഗ്രാമപഞ്ചായത്ത്</u>

# <u>ബജറ്റ് - 2026/2027</u>

<u>ബജറ്റ് പ്രസംഗം</u>

പഞ്ചവത്സര പദ്ധതികളിലൂടെ നമ്മുടെ നാടിനെ വികസനത്തിന്റെ പാതയിലേക്ക് നയിക്കുന്നതിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഹിക്കുന്ന പങ്കും പ്രാധാന്യവും പ്രസക്തിയും നാൾക്ക് നാൾ വർദ്ധിച്ചു വരുന്ന ഈ സാഹചര്യത്തിൽ പ്രതീക്ഷയുടെ നിറവെട്ടവുമായി ഒരു പുതിയ സാമ്പത്തിക വർഷം കടന്നു വരുകയാണ്.

"നവകേരളത്തിനായി ജനകീയ ആസൂത്രണം" എന്നത് നടപ്പിലാക്കുന്നതിനായി ഹരിത കേരളം, ലൈഫ്, ആർദ്രം, പൊതു വിദ്യാഭ്യാസ സംരക്ഷണം എന്നിങ്ങനെ നാല് മിഷനുകൾക്ക് സംസ്ഥാന സർക്കാർ രൂപം നൽകിയിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ അഞ്ചാം പദ്ധതി കാലയളവായ 2026/2027 വർഷത്തിൽ പാർശ്വവൽകരിക്കപ്പെട്ട മുഴുവൻ ജനവിഭാഗങ്ങളുടെയും ജീവിത ഗുണത ഉറപ്പ് വരുത്തുന്നതിനും സാമൂഹ്യ നീതിയും സുരക്ഷയും ലഭ്യമാക്കുന്ന പ്രക്രിയകൾക്കും, പദ്ധതികൾക്കും സദ്ഭരണതത്വങ്ങൾ പാലിച്ച് കൊണ്ട് ജനപങ്കാളിത്തതോടെ പെരിങ്ങര ഗ്രാമപഞ്ചായത്തിലെ സ്ത്രീകൾ, ശിശുക്കൾ, കൌമാരക്കാർ, യുവജനങ്ങൾ, വയോജനങ്ങൾ, പട്ടിക ജാതി വിഭാഗങ്ങളിൽ ഉൾപ്പെട്ടവർ എന്നിവരുടെ ബഹുമുഖ ശേഷി വികസനത്തിലൂന്നി പഞ്ചായത്തിനെ സുസ്ഥിരമായ സാമ്പത്തിക വളർച്ചയുടെ ഒരു ഉയർന്ന പന്ഥാവിലേക്ക് ഉയർത്തുന്നതോടൊപ്പം സാമൂഹ്യ നീതിയുടെയും പരിസ്ഥിതി സുരക്ഷയുടേയും വേറിട്ട ഒരു മാതൃക സൃഷ്ടിക്കുക, ലൈഫ് ഭവന പദ്ധതിയിലുൾപ്പെടുത്തി അർഹതപ്പെട്ട എല്ലാവർക്കും ഭവനം നൽകുക, സമ്പൂർണ്ണ ശുചിത്വം യാഥാർത്ഥ്യമാക്കി മാലിന്യമുക്ത ഗ്രാമപഞ്ചായത്ത്, , എല്ലാവർക്കും വൈദ്യുതി, കുടിവെള്ളം ,സ്ത്രീ ശാക്തീകരണം എന്നതുമാണ് പതിനാലാം പഞ്ചവത്സര പദ്ധതികാലത്തെ പെരിങ്ങര ഗ്രാമപഞ്ചായത്തിന്റെ ലക്ഷ്യം എന്ന ബോധ്യത്തോടെ സർവ്വ മേഖലകൾക്കും സവിശേഷ പ്രാധാന്യം നൽകി തയ്യാറാക്കിട്ടുള്ള ഈ ബജറ്റ് രേഖകൾ ആദരപൂർവ്വം സുമനസ്സുകളുടെ അംഗീകാരത്തിനായി സമർപ്പിച്ചുകൊള്ളുന്നു.

എന്ന്,

10.03.2026

**ഹരിദാസി ശശി**

**പ്രസിഡന്റ്,**

**പെരിങ്ങര ഗ്രാമപഞ്ചായത്ത്**

## പെരിങ്ങര ഗ്രാമപഞ്ചായത്ത്

### ബജറ്റ് - 2026/2027

### ബജറ്റ് അവതരണം

2025 ഡിസംബർ 21 ാം തീയതി അധികാരമേറ്റ നിലവിലുള്ള ഈ ഭരണസമിതിയുടെ ഒന്നാമത്തെ ബജറ്റാണ് ബഹുമാനപ്പെട്ട ഭരണസമിതി അംഗങ്ങളുടെ സജീവ ചർച്ചക്കും വിലയിരുത്തലിനും അംഗീകാരത്തിനുമായി ഞാൻ ഇവിടെ അവതിരിപ്പിക്കുന്നത്.ആയിതിന് എനിക്ക് അതിയായ സന്തോഷം ഉണ്ട്. പഞ്ചായത്ത് രാജ് നിയമത്തിലെ 11,12 പട്ടികകൾ പ്രകാരം സാമൂഹീക നീതി ഉറപ്പാക്കി പ്രാദേശീക സാമ്പത്തീക വികസനത്തിന് ഊന്നൽ നൽകേണ്ടത് നമ്മുടെ ഉത്തരവാദിത്തമാണ്. ഒരു ഗ്രാമപഞ്ചായത്ത് ഭരണസമിതിക്ക് മാത്രമായി പരിഹരിക്കാൻ കഴിയുന്ന വിഷയങ്ങൾക്ക് വളരെയേറെ പരിമിതികൾ ഉണ്ട്.ആയത് പൊതുജനങ്ങളുടെയും ,സർക്കാർ അടക്കം എല്ലാ അധികാര സ്ഥാപനങ്ങളുടെയും പിന്തുണയും സഹകരണവും അനിവാര്യമാണ്.പതിനാലാം പഞ്ചവത്സര പദ്ധതിയുടെ അഞ്ചാം വർഷമെന്ന നിലയിൽ 2026/2027 വർഷത്തെ ബജറ്റ് നാം കൈകൊള്ളുന്ന ആകെ നിലപാടുകളുടെ സൂചകമാകട്ടെ എന്ന് ഞാൻ പ്രത്യാശിക്കുന്നു.

പത്തനംതിട്ട ജില്ലയിലെ പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ 16.5 ചതുരശ്ര കിലോമീറ്ററാൽ ചുറ്റികിടക്കപ്പെട്ട 16 വാർഡുകളുള്ള പെരിങ്ങര ഗ്രാമപഞ്ചായത്തിൽ 2011 സെൻസസ് അനുസരിച്ച് 21,001 ജനങ്ങളിൽ 11,226 സ്ത്രീകളും 9,775 പുരുഷൻമാരും ഉൾപ്പെടുന്നു.ആയതിൽ തന്നെ 2115 പേർ പട്ടിക ജാതി വിഭാഗത്തിൽ പെട്ടവരുമാണ്.നമ്മുടെ നാടിന്റെ സമഗ്ര പുരോഗതി ലക്ഷ്യം മുൻനിർത്തി നിങ്ങളുടെ എല്ലാം അനുവാദത്തോടെ ബജറ്റ് അവതരണത്തിലേക്ക് കടക്കട്ടെ.

2026/2027 വർഷത്തിൽ മുൻ ബാക്കി ഉൾപ്പടെ 260256665/-/- (ഇരുപത്തി ആറ് കോടി രണ്ട് ലക്ഷത്തി അൻപത്താറായിരത്തി അറുന്നൂറ്റി അറുപത്തി അഞ്ച് ) രൂപ വരവും, 252670202/-( ഇരുപത്തി അഞ്ച് കോടി ഇരുപത്തിയാറ്

ലക്ഷത്തി എഴുപതിനായിരത്തി ഇരുനൂറ്റി രണ്ട് ) രൂപ ചെലവും 7586463/-(എഴുപത്തി അഞ്ച് ലക്ഷത്തി എൺപത്താറായിരത്തി നാനൂറ്റി അറുപത്തി മൂന്ന് ) രൂപ നീക്കിയിരുപ്പും പ്രതീക്ഷിക്കുന്ന ബജറ്റാണ് ഈ കമ്മിറ്റി മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നത്.

**<u>വരവ് വിവരങ്ങൾ</u>**

പഞ്ചായത്തിന്റെ നികുതി വരുമാനമായി 17010270/- (ഒരു കോടി എഴുപത് ലക്ഷത്തി പതിനായിരത്തി ഇരുന്നൂറ്റി എഴുപത് ) രൂപയും ,നികുതിയേതര വരുമാനമായി 4339850/-(നാൽപ്പത്തി മൂന്ന് ലക്ഷത്തി മുപ്പത്തി ഒൻപതിനായിരത്തി എണ്ണൂറ്റി അൻപത് ) രൂപയും ജനറൽ പർപ്പസ് ഫണ്ട് ഇനത്തിൽ 18503000/- (ഒര് കോടി എൺപത്തിയഞ്ച് ലക്ഷത്തി മൂവായിരം) രൂപയും ഉൾപ്പടെ ആകെ തനത് ഫണ്ട് ആയി 39853120/- (മൂന്ന്കോടി തൊണ്ണൂറ്റി എട്ട് ലക്ഷത്തി അൻപത്തി മൂവായിരത്തി നൂറ്റി ഇരുപത് ) രൂപ വരവ് പ്രതീക്ഷിക്കുന്നു.

പദ്ധതി ചെലവുകൾക്കായി വികസന ഫണ്ട് പൊതു വിഭാഗത്തിൽ 27745000/- രണ്ട് കോടി എഴുപത്തിയേഴ് ലക്ഷത്തി നാൽപ്പത്തയ്യായിരം) രൂപയും പട്ടിക ജാതി വിഭാഗത്തിൽ 5515000/- (അൻപത്തഞ്ച് ലക്ഷത്തി പതിനയ്യായിരം) രൂപയും കേന്ദ്ര ധനകാര്യ കമ്മീഷൻ അടിസ്ഥാന ഗ്രാന്റ് 25,73,000/-( ഇരുപത്തിയഞ്ച് ലക്ഷത്തി എഴുപത്തിമൂവായിരം) രൂപയും കേന്ദ്ര ധനകാര്യ കമ്മീഷൻ പ്രത്യേക ഉദ്ദേ ഗ്രാന്റ് 38,59,000/-(മുപ്പത്തിയെട്ട് ലക്ഷത്തി അൻപത്തി ഒൻപതിനായിരം) രൂപയും മെയിന്റെനൻസ് ഗ്രാന്റ് റോഡ് ഇനത്തിൽ 13639000/-(ഒരുകോടി മുപ്പത്തിയാറ് ലക്ഷത്തി മുപ്പത്തി ഒൻപതിനായിരം) രൂപയും മെയിന്റെനൻസ് ഗ്രാന്റ് നോൺ റോഡ് ഇനത്തിൽ 4597000/-( നാൽപ്പത്തിയഞ്ച് ലക്ഷത്തി തൊണ്ണൂറ്റിയേഴായിരം) രൂപയും സർക്കാരിൽ നിന്ന് പദ്ധതി വിഹിതമായി ലഭിക്കുന്നതാണ്.കൂടാതെ അംഗൻവാടി പോഷക ആഹാര പദ്ധതിക്കായി ലഭിക്കുന്ന കേന്ദ്ര വിഹിതവും സംസ്ഥാനവിഹിതവും സംയുക്ത പ്രോജക്ടുകൾക്കായി ശുചിത്വ മിഷൻ,ജില്ലാ

പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നുള്ള സഹായവും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പയും വിവിധ പദ്ധതികൾക്കുള്ള ഗുണഭോക്തൃ വിഹിതവും ഉൾപ്പെടെ 18800000/- (ഒരു കോടി എൺപത്തിയെട്ട് ലക്ഷം ) രൂപ പദ്ധതി ചെലവുകൾക്കുള്ള വരവായി പ്രതീക്ഷിക്കുന്നു.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ,സാമൂഹ്യ സുരക്ഷാ പെൻഷനുകൾ, , എന്നിങ്ങനെ സർക്കാർ നേരിട്ട് നൽകുന്ന തുക സംസ്ഥാന ആവിഷ്കൃത പദ്ധതി വിഹിതമായി പഞ്ചായത്തിന്റെ ബജറ്റിൽ ഉൾപ്പെടുത്തേണ്ടതിനാൽ അടുത്തവർഷത്തേക്ക് ഈ ഇനങ്ങളിൽ 103331400/- (പത്ത് കോടി മുപ്പത്തി മൂന്ന് ലക്ഷത്തി മുപ്പത്തിയൊന്നായിരത്തി നാനൂറ് രൂപ ) രൂപ പ്രതീക്ഷിക്കുന്നു.

മുൻ ബാക്കി 17069145/-(ഒരു കോടി എഴുപത് ലക്ഷത്തി അറുപത്തി ഒൻപതിനായിരത്തി നൂറ്റി നാൽപ്പത്തി അഞ്ച് )രൂപ ഉൾപ്പെടെ എല്ലാ മേഖലകളിലുമായി 260256665/- (ഇരുപത്തിയാറ് കോടി രണ്ട് ലക്ഷത്തി അൻപത്താറായിരത്തി അറുനൂറ്റി അറുപത്തി അഞ്ച്) രൂപ വരവ് പ്രതീക്ഷിക്കുന്നു.

## ചെലവ് വിവരങ്ങൾ

ജീവനക്കാരുടെ ശമ്പളം ,മറ്റ് അലവൻസുകൾ ,ജനപ്രതിനിധികളുടെ ഹോണറേറിയം ,മറ്റ് ബത്തകൾ,ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ എന്നി ചെലവുകൾക്കായി 28870000/- (രണ്ട് കോടി എൺപത്തി എട്ട് ലക്ഷത്തി എഴുപതിനായിരം രൂപ) വകയിരുത്തുന്നു. ഓഫീസ് ചെലവുകൾ,അച്ചടിയും സ്റ്റേഷനറിയും പഞ്ചായത്ത് വാഹനങ്ങളുടെ ഇൻഷുറൻസ് ,നീതി ന്യായ സേവനങ്ങൾ,പരസ്യവും പ്രചരണവും ,തെരഞ്ഞെടുപ്പ് ചെലവുകൾ തുടങ്ങിയ ഭരണ ചെലവുകൾക്കായി 6685000/-(അറുപത്തി ആറ് ലക്ഷത്തി എൺപത്തയ്യായിരം) രൂപ വകയിരുത്തുന്നു.

തെരുവ് വിളക്ക് ഉൾപ്പടെയുള്ള വൈദ്യുതി ചാർജ്ജ്,വെള്ളക്കരം ,പഞ്ചായത്ത് വാഹനം ജനറേറ്റർ എന്നിവക്കുള്ള ഇന്ധന ചെലവ്,പഞ്ചായത്ത് ആസ്തികളുടെ അറ്റകുറ്റപണികൾ എന്നിവക്കായി സംരക്ഷണവും നടത്തിപ്പും എന്ന ഇനത്തിൽ 3865000/- (മുപ്പത്തി എട്ട് ലക്ഷത്തി അറുപത്തയ്യായിരം) രൂപ വകയിരുത്തുന്നു.

2026/2027 വാർഷികപദ്ധതി രൂപീകരണം പൂർത്തിയായിവരുകയാണ്. ടി സാഹചര്യത്തിൽ പദ്ധതി ചെലവുകൾക്കായി മൊത്തമായി വകയിരുത്തിയ തുകയും പദ്ധതികളും ചുവടെ ചേർക്കുന്നു. വാർഷിക പദ്ധതി അന്തിമമായതിനു ശേഷം ബജറ്റുമായി സംയോജിപ്പിക്കുന്നതാണ്.

നമ്മുടെ നാടിന്റെ ജനങ്ങളുടെ അടിസ്ഥാന സൌകര്യവികസനങ്ങൾക്കാണ് എന്നും നാം മുൻകൈ എടുത്തിട്ടുള്ളത്. ലൈഫ് ഭവന പദ്ധതിപ്രകാരം ജനറൽ വിഭാഗത്തിൽ 208 ഉം പട്ടികജാതി വിഭാഗത്തിൽ 49 ഉം ചേർത്ത് 257 പേരുടെ ഗുണഭോക്തൃ പട്ടിക പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ചിട്ടുണ്ട്. ഇതിൽ ഉൾപ്പെട്ടിട്ടുള്ള മുഴുവൻആളുകൾക്കും ഈ ഭരണ സമിതിയുടെ കാലയളവിൽ തന്നെ ഭവനം നൽകുക എന്ന ലക്ഷ്യത്തോടുകൂടി 2026/27 ബജറ്റില് പെരിങ്ങര ഗ്രാമപഞ്ചായത്ത് വിഹിതം,പത്തനംതിട്ട ജില്ലാ പഞ്ചായത്ത് വിഹിതം,പുളികീഴ് ബ്ലോക്ക് പഞ്ചായത്ത് വിഹിതം ,സംസ്ഥാന വിഹിതം ,വിവിധ സ്ഥാപനങ്ങളിൽ നിന്നും ഉള്ള ലോൺ എന്നിവ ഉൾപ്പെടുത്തി 21950000/- (രണ്ട് കോടി പത്തൊൻപത് ലക്ഷത്തി അൻപതിനായിരം ) രൂപ വകയിരുത്തുന്നു.

കാലാവസ്ഥ വ്യതിയാനത്തിന്റെ ഭാഗമായി ഉണ്ടാകുന്ന കൃഷി നാശങ്ങൾ പരിഹരിക്കുന്നതിനും കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും കാർഷിക മേഖലയുടെ സുസ്ഥിര വികസനത്തലൂടെ പെരിങ്ങര ഗ്രാമപഞ്ചായത്തിനെ **"തരിശ്ശു രഹിത പഞ്ചായത്ത്"** ആക്കുന്നതിനായി സ്ത്രീകൾ,യുവജനങ്ങൾ,പട്ടികജാതി/വർഗ്ഗ വിഭാഗത്തിൽ പെട്ടവർക്ക് മുൻഗണന നൽകി ഇടവിള കൃഷി, വികസനം,കുറ്റികുരുമുളക് കൃഷി , കൃഷിക്കാർക്ക് നീറ്റ് കക്ക വിതരണം എന്നിവക്കും സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഉൾനാടൻ മത്സ്യകൃഷിക്കും അടിസ്ഥാന സൌകര്യ വികസനത്തിനും കൂടി ആകെ കാർഷിക മേഖലക്കായി മത്സ്യ മേഖല ഉൾപ്പെടെ 12500000/- (ഒരു കോടി ഇരുപത്തി അഞ്ച് ലക്ഷം) രൂപ വകയിരുത്തുന്നു.ആയതിലൂടെ മേൽവിഭാഗത്തിൽപെട്ടവർക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാമ്പത്തിക ഭദ്രത ഉറപ്പ് വരുത്തുന്നതിനും സാധിക്കുന്നു.

പെരിങ്ങര ഗ്രാമപഞ്ചായത്ത് മൃഗ സംരക്ഷണമേഖലയിൽ സ്വയംപര്യാപത്തത കൈവരിക്കുക എന്ന ലക്ഷ്യത്തിലൂന്നി ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി, കറവപശുക്കൾക്ക് കാലിതീറ്റ കാലിതൊഴുത്ത് നവീകരണം,താറാവ് വളർത്തൽ കോഴി വളർത്തൽ എന്നീ പദ്ധതികൾ ഉൾപ്പെടുത്തി മൃഗ സംരക്ഷണം ക്ഷീരവികസന,മത്സ്യ ബന്ധന മേഖലക്ക് 40000000/-(നാൽപ്പത് ലക്ഷം

) രൂപ വകയിരുത്തുന്നു.ഇതിലൂടെ പാർശ്വവത്കരിക്കപ്പെട്ടവർക്ക് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നതിനും മെച്ചപ്പെട്ട ജീവതസാഹചര്യം ഉണ്ടാക്കുന്നതിനും കഴിയുന്നു. കൂടാതെ ശുദ്ധമായ,പാല്, മുട്ട,മാംസം,മത്സ്യം എന്നിവ

ലഭിക്കുന്നതിലൂടെ,വൃദ്ധർ,കുട്ടികൾ എന്നിവർക്ക് മെച്ചപ്പെട്ട ആരോഗ്യവും ലക്ഷ്യമിടുന്നു.

കുട്ടികൾ സമൂഹ നിർമ്മിതി ആണ് എന്ന് മനസിലാക്കി അവരുടെ ശാരീരകവും മാനസീകവും വൈകാരികവും ഭൌതികവും ആയ വികസനവും കലാ സാഹിത്യ സാംസ്കാരികശേഷി വികസനവും ലക്ഷ്യമിട്ട് കൊണ്ട് ബാല സൌഹൃദ പരിപാടിക്കും കളി സ്ഥലം,കളി ഉപകരണങ്ങൾ എല്ലാവർക്കും പ്രാപ്യമാക്കുന്നതിനും ,കുട്ടികൾക്ക് കലാകായിക പരിശീലനം നൽകുന്നതിനും,കലാ കായിക ഉപകരണങ്ങൾ നൽകുന്നതിനും,എസ്.എസ്.എ വിഹിതം അടവാക്കുന്നതിനും സമൂഹത്തിൽ കാണുന്ന അക്രമവാസനയും,കുറ്റകൃത്യങ്ങളും മറികടക്കുന്നതിന് കുടുംബങ്ങളിലും സമൂഹത്തിലും സൌഹൃദാന്തരീക്ഷം സൃഷ്ടിക്കാൻ കഴിയുന്ന തരത്തിൽ ക്ലബ്ബുകളുടെയും ,വായനശാലകളുടെയും നേതൃത്വത്തിൽ കലാകായിക പ്രവർത്തനങ്ങൾ നടത്തുന്നതിനും ബോധവത്കരണം നടത്തുന്നതിനും, ,കേരളോത്സവ നടത്തിപ്പിനുമായി തുക വകയിരുത്തുന്നു.

പെരിങ്ങര ഗ്രാമപഞ്ചായത്തിലെ സി.എച്ച്.സി,ഹോമിയോ,ആയുർവേദ ഡിസ്പെൻസറി കളുടെ സേവനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ഈ ഘടകസ്ഥാപനങ്ങളിലെ അടിസ്ഥാനസൌകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും മരുന്നുകൾ വാങ്ങുന്നതിനുമായി തുക വകയിരുത്തുന്നു.

സുതാര്യവും മികച്ചതും വളരെ വേഗത്തിലും എല്ലാ വിഭാഗം ജനങ്ങളിലേക്കും സേവനങ്ങൾ എത്തിക്കുക എന്ന ലക്ഷ്യത്തോടുകൂടി സന്നദ്ധ പ്രവർത്തകരെയും യുവാക്കളെയും ഉൾകൊള്ളിച്ച് വാതിൽപടി സേവനം നടപ്പാക്കുന്നതിനും,പഞ്ചായത്ത് ഓഫീസിലെയും ഘടകസ്ഥാപനങ്ങളുടെയും സാങ്കേതിക സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനും,ഐ.കെ.എം വിഹിതം നൽകൽ,ടെക്നിക്കൽ അസിസ്റ്റന്റ്,പ്രോജക്ട് അസിസ്റ്റന്റ് എന്നിവർക്ക് വേതനം നൽകൽ,ഓഫീസിലെ കമ്പ്യൂട്ടറിനും അനുബന്ധ ഉപകരണങ്ങൾക്കും എഎംസി നൽകൽ,പഞ്ചായത്ത് ഓഫീസിലേക്ക് പ്രോജക്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ ,പദ്ധതി രൂപീകരണം നിർവ്വഹണം മോണിറ്ററിങ്ങ് എന്നിങ്ങനെ പൊതു ഭരണത്തിനായി തുക വകയിരുത്തുന്നു.

. സാമൂഹ്യനീതി ഉറപ്പാക്കി കൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകി വിവിധ മേഖലകളിൽ പിന്നോക്കം നിൽകുന്നവരെ മുഖ്യധാരയിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടുകൂടി ഭിന്നശേഷിക്കാരുടെ

കലോൽത്സവം,ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ നൽകൽ,ഭിന്നശേഷിക്കാർക്ക് തൊഴിൽ നൽകൽ, അനുപൂരക പോഷക ആഹാര വിതരണം,അംഗനവാടി ജീവനക്കാരുടെ അധിക വേതനം,ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് ,ആശ്രയ പദ്ധതി,വൃദ്ധരുടെ കലാമേള,പകൽ വീടിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ,വയോജനങ്ങൾക്ക് ജീവൻ രക്ഷാ മരുന്നുകൾ ഉറപ്പാക്കൽ,വയോജനങ്ങൾക്ക് കട്ടിൽ,സ്വാന്തന പരിചരണം എന്നിവക്കായി തുക വകയിരുത്തുന്നു. ഇതിലൂടെ ഭിന്നശേഷിക്കാരുടെയും അവരുടെ മാതാപിതാക്കളുടെയും സാമ്പത്തിക ഭദ്രത ഉറപ്പ് വരുത്തുക, ഭിന്നശേഷിക്കാരുടെയും,വൃദ്ധരുടെയും മാനസിക ഉല്ലാസം ഇവ ലക്ഷ്യം വക്കുന്നു.കൂടാതെ സ്ത്രീ സുരക്ഷയെ മുൻനിർത്തി സ്ത്രീ സൌഹൃദ പഞ്ചായത്തിനും ജാഗ്രതാ സമിതിക്കുമായി തുക വകയിരുത്തുന്നു

ഹരികർമ്മ സേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ, , കക്കൂസ് നിർമ്മാണം,വിവിധ ഏജൻസികളെ ഉൾപ്പെടുത്തി മാലിന്യസംസ്കരണ പദ്ധതി എന്നീ പ്രവർത്തികൾക്ക് തുക വകയിരുത്തുന്നു.

പട്ടിക ജാതി വിഭാഗത്തിൽ ഉൾപ്പെട്ടവർക്കായി പ്രത്യേക പാക്കേജുകൾ തയ്യാറാക്കുന്നതിനും ,കുട്ടികളുടെ വിദ്യാഭ്യാസത്തിനും ഉന്നമനത്തിനും ആയി സ്കോളർഷിപ്പുകൾ നൽകൽ ഭവന പുനരുദ്ധാരണം എന്നിവക്കായി തുക വകയിരുത്തുന്നു.

തെരുവ് വിളക്കുകളുടെ വൈദ്യുതീകരണം,വിവിധ റോഡുകൾ,പൊതു കെട്ടിടങ്ങൾ, പശ്ചാത്തലമേഖലയിലെ മറ്റ് പ്രവർത്തനങ്ങൾ എന്നീ പദ്ധതികൾക്കായി തുക വകയിരുത്തുന്നു.തൊഴിലുറപ്പ് പദ്ധതി ചെലവുകൾക്കായി ആക്ഷൻ പ്ലാൻ പ്രകാരമുള്ള 32000000/-(മൂന്ന് കോടി ഇരുപത് ലക്ഷം) രൂപ വകയിരുത്തുന്നു.

പകൽവീട് നിർമ്മാണം പദ്ധതിക്കായി 1000000/- (പത്ത് ലക്ഷം )രൂപ വകയിരുത്തിയിട്ടുണ്ട്.

ബഹു.സർക്കാരിന്റെ 05.12.2020 ലെ 157/2019/തസ്വഭവ നമ്പർ ഉത്തരവ്പ്രകാരം ദുരന്തനിവാരണ പദ്ധതി തയ്യാറാക്കി വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതുണ്ട്. ആയതിനാൽ ദുരന്ത നിവാരണ പദ്ധതികൾക്കും, ടൂറിസം വികസനത്തിനുമായി തുക വകയിരുത്തുന്നു.

സ്ത്രീ സുരക്ഷാ പെൻഷൻ ഉൾപ്പെടെ സർക്കാർ നേരിട്ട് നടത്തുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ ചെലവുകൾക്ക് 83331400/-(എട്ട് കോടി മുപ്പത്തി മൂന്ന് ലക്ഷത്തി മുപ്പത്തിയൊന്നായിരത്തി നാനൂറ്) രൂപ വകയിരുത്തുന്നു.

മുൻ ബാക്കി ഉൾപ്പടെ 260256665/-/-(ഇരുപത്തി ആറ് കോടി രണ്ട് ലക്ഷത്തി അൻപത്താറായിരത്തി അറുന്നൂറ്റി അറുപത്തി അഞ്ച് ) രൂപ വരവും , 252670202/-( ഇരുപത്തി അഞ്ച് കോടി ഇരുപത്തിയാറ് ലക്ഷത്തി എഴുപതിനായിരത്തി ഇരുനൂറ്റി രണ്ട് ) രൂപ ചെലവും 7586463/-(എഴുപത്തി അഞ്ച് ലക്ഷത്തി എൺപത്താറായിരത്തി നാനൂറ്റി അറുപത്തി മൂന്ന് ) രൂപ നീക്കിയിരുപ്പും ഈ ബജറ്റിൽ ഉള്ളത്.

സമ്പൂർണ്ണ വികസനം എന്ന ലക്ഷ്യം മുൻ നിർത്തി ഈ ഭരണ സമിതിയുടെ ഒന്നാമത്തെ വർഷമാണിത് .വെല്ലുവിളികളും പ്രതിസന്ധികളും നേരിടേണ്ടി വരുമെങ്കിലും ആത്മ വിശ്വാസം നഷ്ടപ്പെടുത്താതെ പ്രതികൂല സാഹചര്യങ്ങളെ അനുകൂലമാക്കി വികസന സേവന രംഗങ്ങളിൽ ഒരു കുതിച്ചുചാട്ടം നടത്തുവാൻ നമ്മുടെ പഞ്ചായത്തിന് സാധിക്കട്ടെ.ഭരണപക്ഷവും പ്രതിപക്ഷവും പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം പ്രസക്തമല്ലാത്തതിനാൽ പഞ്ചായത്തിന്റെ വികസന യാത്രയിലെ പരസ്പര സഹകരണത്താൽ പെരിങ്ങരയുടെ ഭാവി ഭാസുരമാക്കാനുള്ള യത്നത്തിൽ നമുക്ക് ഒരുമിച്ച് പങ്കാളികളാകാം.

പെരിങ്ങര ഗ്രാമപഞ്ചായത്തിലെ അശരണരും നിരാലംബരും പാർശ്വവൽകരിക്കപ്പെട്ടവരും ഉൾപ്പെടെ എല്ലാ ജന വിഭാഗങ്ങൾക്കും അർഹമായതും അവകാശപ്പെട്ടതുമായ സേവനങ്ങൾ സമയബന്ധിതമായി നൽകാൻ കഴിയുന്നിടത്തേക്ക് നമുക്ക് ഒരുമിച്ച് നിൽക്കാം എന്ന ഹൃദയ പ്രതിജ്ഞയോടെ ബജറ്റ് നിങ്ങളുടെ ചർച്ചക്കും,വിലയിരുത്തലിനും ,അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

നന്ദി, നമസ്കാരം

10.03.2026

**ആനി ഏബ്രഹാം**

**വൈസ് പ്രസിഡന്റ്,**

**പെരിങ്ങര ഗ്രാമ പഞ്ചായത്ത്**

# Peringara Grama Panchayat Office

## Summary

**2026-2027**

| SN | PARTICULARS | BUDGET FOR 2025-2026 | BUDGET FOR 2026-2027 |
|---|---|---|---|
| 1 | **Opening Balance** | **48184895** | **17069145** |
| 2 | ആകെ റവന്യൂ വരവുകൾ | 107681250 | 125529520 |
| 3 | ആകെ മൂലധന വരവുകൾ | 113845894 | 117658000 |
| 4 | ആകെ വരവുകൾ | 221527144 | 243187520 |
| 5 | **Grand Total** | **269712039** | **260256665** |
| 6 | ആകെ റവന്യൂ ചെലവുകൾ | 209887954 | 155056400 |
| 7 | ആകെ മൂലധന ചെലവുകൾ | 42754940 | 97613802 |
| 8 | ആകെ  ചെലവുകൾ | 252642894 | 252670202 |
| 9 | **Closing Balance** | **17069145** | **7586463** |
| 10 | ദാരിദ്ര്യ ലഘൂകരണം(എം.ജി.എൻ.ആർ.ഇ.ജി.എസ്സ്) | 31000000 | 32000000 |

# പെരിങ്ങര ഗ്രാമ പഞ്ചായത്ത് ഓഫീസ്

## 2026-2027 പുതിയ ബജറ്റ്

### ഫോറം 1

| ക്രമനമ്പർ | ഹെഡ് ഓഫ് അക്കൗണ്ട്സ് | മുൻ വർഷത്തെ യഥാർത്ഥ കണക്കുകൾ | 2025-2026 ബജറ്റ് | 2026-2027 ബജറ്റ് |
|---|---|---|---|---|
| | **ഓപ്പണിങ് ബാലൻസ്** | | **48184895** | **17069145** |
| | വരുമാന രസീത് - 1 | | | |
| | നികുതി വരുമാനം - 110 | | | |
| 1 | 1100101 വസ്തു നികുതി | | 12000000 | 12500000 |
| 2 | 1100102 ചട്ടം 26 പ്രകാരമുള്ള സേവന ഉപനികുതി | | 1800000 | 1875000 |
| 3 | 1101001 തൊഴിൽ നികുതി - ജീവനക്കാർ | | 2400000 | 2000000 |
| 4 | 1101002 തൊഴിൽ നികുതി - വ്യാപാരികൾ/ സ്ഥാപനങ്ങൾ | | 0 | 635270 |
| | **ആകെ നികുതി വരുമാനം** | | **16200000** | **17010270** |
| | ഫീസും ഉപയോക്തൃ നിരക്കുകളും - 140 | | | |
| 5 | 1401001 സ്വകാര്യ ആശുപത്രികളുടേയും പാരാമെഡിക്കൽസ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ ഫീ | | 20000 | 30000 |
| 6 | 1401101 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് ഫീ | | 850000 | 850000 |
| 7 | 1401106 വളർത്തു നായ്ക്കൾക്കുള്ള ലൈസൻസ് ഫീസ് | | 3500 | 5000 |
| 8 | 1401201 കെട്ടിട നിർമ്മാണത്തിനുള്ള ഫീസ് | | 1500000 | 2000000 |
| 9 | 1401203 പെർമിറ്റ് അപേക്ഷാ ഫീസ് | | 85000 | 100000 |
| 10 | 1401204 അധിക FSIക്കുള്ള പെർമിറ്റ് ഫീസ് | | 500 | 1500 |
| 11 | 1401205 ടെലികമ്മ്യൂണിക്കേഷൻ ടവർ സ്ഥാപിക്കുന്നതിനുള്ള ഫീസ് | | 20000 | 40000 |

| | | | | |
|---|---|---|---|---|
| 12 | 1401301 ജനന മരണ സർട്ടിഫിക്കറ്റുകൾക്കുള്ള ഫീസ് | | 7000 | 16000 |
| 13 | 1401302 ജനന മരണം താമസിച്ചുള്ള രജിസ്ട്രേഷനുള്ള ഫീസ് | | 300 | 600 |
| 14 | 1401304 വിവാഹ രജിസ്ട്രേഷനുള്ള ഫീസ് | | 10000 | 15000 |
| 15 | 1401305 നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിനുള്ള ഫീസ് | | 500 | 1000 |
| 16 | 1401306 രജിസ്ട്രേഷനിലെ തിരുത്തലിനുള്ള ഫീസ് | | 1000 | 1500 |
| 17 | 1401399 മറ്റ് സർട്ടിഫിക്കറ്റുകൾക്കും പകർപ്പുകൾക്കുമുള്ള ഫീസുകൾ | | 20000 | 25000 |
| 18 | 1401701 ക്രമവൽക്കരണ ഫീസ് | | 250000 | 300000 |
| 19 | 1402001 പിഴപ്പലിശ | | 340000 | 350000 |
| 20 | 1402003 മറ്റ് പിഴകളും ശിക്ഷകളും | | 95000 | 100000 |
| 21 | 1402004 കോമ്പൗണ്ടിംഗ് ഫീ | | 2000 | 2500 |
| 22 | 1404002 നോട്ടീസ് ഫീസ് | | 2500 | 3000 |
| 23 | 1404004 ഉടമസ്ഥാവകാശം മാറ്റുന്നതിനുള്ള ഫീസ് -പിഴ | | 50000 | 75000 |
| 24 | 1404008 താമസിച്ചുള്ള രജിസ്ട്രേഷൻ ഫീസ് | | 5000 | 6000 |
| 25 | 1404009 തിരച്ചിൽ ഫീസ് | | 850 | 1000 |
| 26 | 1404011 ലേറ്റ് ഫീ | | 600 | 750 |
| 27 | 1405001 വാട്ടർചാർജ് | | 0 | 8000 |
| 28 | 1405008 ലൈബ്രറികളിൽ നിന്നുള്ള വരവ് | | 700 | 1000 |
| 29 | 1405013 വെള്ളക്കരം (തന്നാണ്ട്) | | 7500 | 0 |
| 30 | 1405022 നൽകിയ സേവനങ്ങളുടെ ചെലവ് കണക്കിലെടുക്കുന്ന രസീതുകൾ | | 20000 | 25000 |
| 31 | 1405099 മറ്റ് ഉപയോഗങ്ങൾക്കുള്ള ഫീസുകൾ | | 500 | 1000 |
| | **ആകെ ഫീസും ഉപയോക്തൃ നിരക്കുകളും** | | **3292450** | **3958850** |
| | വിൽപ്പന, വാടക നിരക്കുകൾ - 150 | | | |
| 32 | 1501099 മറ്റ് ഉൽപ്പന്നങ്ങളുടെ വിൽപ്പനയിൽ നിന്നുള്ള വരവ് | | 50000 | 1000 |
| 33 | 1501101 ഫോമുകളുടെ വിൽപ്പനയിൽ നിന്നുള്ള വരവ് | | 250000 | 275000 |
| 34 | 1501102 ടെൻറർ ഫോമുകളുടെ വിൽപ്പനയിൽ നിന്നുള്ള വരവ് | | 0 | 5000 |
| 35 | 1501202 ആക്രി വിൽപ്പനയിൽ നിന്നുള്ള വരവ് | | 80000 | 100000 |
| | **ആകെ വിൽപ്പന, വാടക നിരക്കുകൾ** | | **380000** | **381000** |
| | **റവന്യൂ ഗ്രാന്റുകൾ, സംഭാവനകൾ, സബ്സിഡികൾ - 160** | | | |

| | | | | |
|---|---|---|---|---|
| 36 | 1601010 ഘടകസ്ഥാപനങ്ങൾ/ സ്കീമുകൾക്കുള്ള ഫണ്ട് – കർഷകത്തൊഴിലാളികൾക്കുള്ള പെൻഷൻ | | 12637800 | 12637800 |
| 37 | 1601012 ഘടകസ്ഥാപനങ്ങൾ/ സ്കീമുകൾക്കുള്ള ഫണ്ട് – വിധവപെൻഷൻ | | 15201300 | 15201300 |
| 38 | 1601013 ഘടകസ്ഥാപനങ്ങൾ/ സ്കീമുകൾക്കുള്ള ഫണ്ട് – 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതകളായ സ്ത്രീകൾക്കുള്ള പെൻഷൻ | | 559200 | 559200 |
| 39 | 1601014 ഘടകസ്ഥാപനങ്ങൾ/ സ്കീമുകൾക്കുള്ള ഫണ്ട് – ശാരീരിക മാനസിക ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | | 4840400 | 4840400 |
| 40 | 1601018 ഘടകസ്ഥാപനങ്ങൾ/ സ്കീമുകൾക്കുള്ള ഫണ്ട് – വാർദ്ധക്യകാല പെൻഷൻ | | 38092700 | 38092700 |
| 41 | 1601023 ജനറൽ പർപ്പസ് ഫണ്ട് | | 14672400 | 18503000 |
| 42 | 1601080 ഘടകസ്ഥാപനങ്ങൾ/ സ്കീമുകൾക്കുള്ള ഫണ്ട് – സ്ത്രീസുരക്ഷാ പദ്ധതി | | 0 | 12000000 |
| | **ആകെ റവന്യൂ ഗ്രാന്റുകൾ, സംഭാവനകൾ, സബ്സിഡികൾ** | | **86003800** | **101834400** |
| | പലിശ വരുമാനം – 171 | | | |
| 43 | 1711001 ബാങ്ക് അക്കൗണ്ടുകളിൽ നിന്നുള്ള പലിശ | | 1500000 | 2000000 |
| | **ആകെ പലിശ വരുമാനം** | | **1500000** | **2000000** |
| | മറ്റ് വരുമാനം – 180 | | | |
| 44 | 1808099 പലവക വരവുകൾ | | 210000 | 225000 |
| | **ആകെ മറ്റ് വരുമാനം** | | **210000** | **225000** |
| | വാടക വരുമാനം – എൽബി പ്രോപ്പർട്ടീസ് – 130 | | | |
| 45 | 1301003 ഷോപ്പിംഗ് കോംപ്ലക്സിൽ നിന്നുള്ള വാടക | | 80000 | 100000 |
| 46 | 1308002 തദ്ദേശഭരണസ്ഥാപനങ്ങളുടെ വസ്തുവകകളിൽ നിന്നുള്ള വാടക | | 15000 | 20000 |
| | **ആകെ വാടക വരുമാനം** | | **95000** | **120000** |
| | **ആകെ വരുമാന രസീത്** | | **107681250** | **125529520** |
| | മൂലധന രസീത് – 2 | | | |
| | ഗ്രാന്റുകൾ, പ്രത്യേക ഉദ്ദേശ്യങ്ങൾക്കുള്ള സംഭാവനകൾ – 320 | | | |
| 47 | 3201001 പ്രത്യേക ആവശ്യങ്ങൾക്കുള്ള ഗ്രാൻറുകൾ – പ്രാഥമികാരോഗ്യ കേന്ദ്രങ്ങളേയും ഉപകേന്ദ്രങ്ങളേയും ആരോഗ്യ കേന്ദ്രങ്ങളാക്കുന്നതിനുള്ള ആരോഗ്യ ഗ്രാൻറ് | | 163000 | 200000 |
| 48 | 3201002 പ്രത്യേക ആവശ്യങ്ങൾക്കുള്ള ഗ്രാൻറുകൾ – പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾക്ക് പരിശോധനകൾക്കുള്ള പശ്ചാത്തല സൗകര്യം ഒരുക്കുന്നതിനുള്ള ആരോഗ്യ ഗ്രാൻറ് | | 455000 | 500000 |
| 49 | 3201004 ധനകാര്യ കമ്മിഷൻ ഗ്രാൻറ് – ഉപാധിയോടുകൂടിയത് | | 3859000 | 3859000 |

| | | | | |
|---|---|---|---|---|
| 50 | 3201005 ധനകാര്യ കമ്മിഷൻ ഗ്രാൻറ് – ഉപാധിരഹിതം | | 2573000 | 2573000 |
| 51 | 3201020 സംയോജിത ശിശു വികസന പദ്ധതി | | 1200000 | 1500000 |
| 52 | 3201035 സമ്പൂർണ്ണ ശുചിത്വ പരിപാടി | | 1449000 | 0 |
| 53 | 3201044 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | | 31000000 | 32000000 |
| 54 | 3202001 വികസനഫണ്ട് – ജനറൽ | | 18098000 | 27745000 |
| 55 | 3202002 വികസനഫണ്ട് – പ്രത്യേക ഘടക പദ്ധതി | | 5046830 | 5515000 |
| 56 | 3202009 മെയിൻറനൻസ് ഫണ്ട് – റോഡ് | | 15162414 | 13639000 |
| 57 | 3202010 മെയിൻറനൻസ് ഫണ്ട് – റോഡിതരം | | 3802000 | 4597000 |
| 58 | 3202021 പ്രത്യേക പദ്ധതികൾക്കുള്ള ഗ്രാൻറുകളും ഫണ്ടുകളും വിഹിതങ്ങളും– സംസ്ഥാനാവിഷ്കൃത പദ്ധതികളും വികസന ഫണ്ടും ഒഴികെ – ലൈഫ് മിഷൻ | | 4200000 | 4800000 |
| 59 | 3208010 ഗുണഭോക്തൃ വിഹിതം | | 48500 | 150000 |
| 60 | 3208099 പ്രത്യേക ആവശ്യങ്ങൾക്കുള്ള മറ്റ് ഗ്രാൻറുകളും വിഹിതങ്ങളും | | 560830 | 650000 |
| 61 | 3209001 സംയുക്ത പദ്ധതികൾക്കുള്ള വിഹിതം – ജില്ലാപഞ്ചായത്തിൽ നിന്ന് | | 12000000 | 9000000 |
| 62 | 3209002 സംയുക്ത പദ്ധതികൾക്കുള്ള വിഹിതം – ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് | | 5541550 | 5500000 |
| | **ആകെ ഗ്രാൻറുകൾ, പ്രത്യേക ഉദ്ദേശ്യങ്ങൾക്കുള്ള സംഭാവനകൾ** | | **105159124** | **112228000** |
| | സുരക്ഷിത വായ്പകൾ – 330 | | | |
| 63 | 3305003 കെയുആർഡിഎഫ് സിയിൽ നിന്നുള്ള വായ്പകൾ | | 6680000 | 2000000 |
| | **ആകെ സുരക്ഷിത വായ്പകൾ** | | **6680000** | **2000000** |
| | ലഭിച്ച നിക്ഷേപങ്ങൾ – 340 | | | |
| 64 | 3401001 നിരതദ്രവ്യം | | 50000 | 75000 |
| 65 | 3401002 സുരക്ഷാ നിക്ഷേപം | | 50000 | 75000 |
| 66 | 3401003 പിടിച്ച് വച്ച തുക | | 200000 | 250000 |
| 67 | 3408099 മറ്റ് നിക്ഷേപങ്ങൾ സ്വീകരിച്ചത് | | 25000 | 30000 |
| | **ആകെ ലഭിച്ച നിക്ഷേപങ്ങൾ** | | **325000** | **430000** |
| | മറ്റ് ബാധ്യതകൾ – 350 | | | |
| 68 | 3503001 സർക്കാർ,സർക്കാരിതര സ്ഥാപനങ്ങൾക്ക് കൊടുക്കേണ്ട തുക – ലൈബ്രറി സെസ് | | 0 | 700000 |
| | **ആകെ മറ്റ് ബാധ്യതകൾ** | | **0** | **700000** |
| | വായ്പകൾ, മുൻകൂർ പണം, നിക്ഷേപങ്ങൾ – 460 | | | |
| 69 | 4601001 ജീവനക്കാർക്കുള്ള ഉത്സവ മുൻകൂറുകൾ | | 213000 | 300000 |

| | | | | |
|---|---|---|---|---|
| 70 | 4605005 മഹാത്മാഗാന്ധി എൻആർഇജിഎസ്/ എയുഇജിഎസ് നുള്ള മുൻകൂറുകൾ | | 1468770 | 2000000 |
| | **ആകെ വായ്പകൾ, മുൻകൂർ പണം, നിക്ഷേപങ്ങൾ** | | **1681770** | **2300000** |
| | **ആകെ മൂലധന രസീത്** | | **113845894** | **117658000** |
| | റവന്യൂ ചെലവ് – 3 | | | |
| | സ്ഥാപന ചെലവുകൾ – 210 | | | |
| 71 | 2101001 ശമ്പളം – സെക്രട്ടറി | | 1500000 | 2000000 |
| 72 | 2101003 ശമ്പളം – സ്ഥിരം ജീവനക്കാർ | | 11500000 | 15000000 |
| 73 | 2101004 ശമ്പളം – കരാർ ജീവനക്കാർ | | 1800000 | 2500000 |
| 74 | 2101006 ശമ്പളം – ഫുൾ ടൈം കണ്ടീജൻറ് ജീവനക്കാർ | | 430000 | 550000 |
| 75 | 2101101 വേതനം | | 900000 | 1100000 |
| 76 | 2101201 ബോണസ് | | 250000 | 300000 |
| 77 | 2101401 മാനവേതനം | | 650000 | 1000000 |
| 78 | 2101501 ഉത്സവബത്ത | | 50000 | 75000 |
| 79 | 2102001 യാത്രാബത്തകൾ – സെക്രട്ടറി | | 50000 | 80000 |
| 80 | 2102003 യാത്രാബത്തകൾ – സ്ഥിരജീവനക്കാർ | | 200000 | 250000 |
| 81 | 2102005 യാത്രാബത്തകൾ – കണ്ടീജൻറ് ജീവനക്കാർ | | 50000 | 75000 |
| 82 | 2102010 മറ്റ് ബത്തകൾ – കണ്ടീജൻറ് ജീവനക്കാർ | | 100000 | 150000 |
| 83 | 2102014 മാനവേതനവും ഹാജർ ബത്തയും – കൗൺസിലർമാർ/ അംഗങ്ങൾ | | 2600000 | 3500000 |
| 84 | 2102016 മറ്റ് അലവൻസുകളും ബത്തകളും | | 380000 | 400000 |
| 85 | 2102019 അദ്ധ്യക്ഷൻ, ഉപാദ്ധ്യക്ഷൻ, സ്ഥിരം സമിതി അദ്ധ്യക്ഷർ, കൗൺസിലർമാർ/ അംഗങ്ങൾ എന്നിവരുടെ യാത്രാചെലവുകൾ | | 20000 | 40000 |
| 86 | 2103001 പെൻഷൻ ഫണ്ടിലേക്ക് എംപ്ലോയറുടെ വിഹിതം – റെഗുലർ ജീവനക്കാർ | | 1000000 | 1200000 |
| 87 | 2103002 പെൻഷൻ ഫണ്ടിലേക്ക് എംപ്ലോയറുടെ വിഹിതം – കണ്ടീജൻറ് ജീവനക്കാർ | | 300000 | 350000 |
| 88 | 2104001 ടെർമിനൽ ലീവ് സറണ്ടർ | | 1500000 | 300000 |
| | **ആകെ സ്ഥാപന ചെലവുകൾ** | | **23280000** | **28870000** |
| | ഭരണപരമായ ചെലവുകൾ – 220 | | | |
| 89 | 2201001 കെട്ടിടങ്ങളുടെ വാടക | | 46000 | 50000 |
| 90 | 2201005 വാഹനനികുതി | | 0 | 30000 |
| 91 | 2201101 ആഫീസിലെ വൈദ്യുതി ചെലവുകൾ | | 100000 | 120000 |

| | | | | |
|---|---|---|---|---|
| 92 | 2201102 വെള്ളത്തിൻറെ ചാർജ്ജുകൾ | | 20000 | 20000 |
| 93 | 2201105 വെള്ളക്കരം - തദ്ദേശസ്ഥാപന കെട്ടിടങ്ങൾ | | 50000 | 100000 |
| 94 | 2201199 മറ്റ് ആഫീസ് പരിപാലന ചെലവുകൾ | | 450000 | 600000 |
| 95 | 2201299 പലവക വിനിമയ ചെലവുകൾ | | 250000 | 300000 |
| 96 | 2202001 പുസ്തകങ്ങളും ആനുകാലികങ്ങളും | | 20000 | 25000 |
| 97 | 2202101 അച്ചടിയും സ്റ്റേഷനറികളും | | 350000 | 400000 |
| 98 | 2204001 ഇൻഷുറൻസ് | | 25000 | 30000 |
| 99 | 2205101 പലവക നിയമപരമായ ചെലവുകൾ | | 250000 | 300000 |
| 100 | 2205201 വിദഗ്ധർക്കും മറ്റുമുള്ള ഫീസ് | | 50000 | 75000 |
| 101 | 2206002 കേരളോത്സവം ചെലവുകൾ | | 0 | 100000 |
| 102 | 2206099 മറ്റ് പരസ്യങ്ങൾക്കും പ്രചരണങ്ങൾക്കുമുള്ള ചാർജ്ജുകൾ | | 200000 | 250000 |
| 103 | 2206101 അംഗത്വവും വരിസംഖ്യയും | | 50000 | 75000 |
| 104 | 2208002 ശില്പശാലകളും സെമിനാറുകളും | | 0 | 50000 |
| 105 | 2208003 ഗ്രാമസഭാ ചെലവുകൾ | | 0 | 10000 |
| 106 | 2208005 സർക്കാർ ഉത്തരവ് പ്രകാരമുള്ള സംഭാവനകളും വിഹിതങ്ങളും | | 0 | 30000 |
| 107 | 2208006 അനധികൃത ബോർഡുകളും ബാനറുകളും മറ്റും നീക്കം ചെയ്യുന്നതിനുള്ള ചെലവ് | | 0 | 20000 |
| 108 | 2208099 മറ്റ് ഭരണനിർവ്വഹണ ചെലവുകൾ | | 950000 | 1000000 |
| 109 | 2302001 വെള്ളത്തിൻറെ ചാർജ്ജുകൾ - സ്ട്രീറ്റ് ടാപ്പ് | | 2875000 | 3000000 |
| | **ആകെ ഭരണപരമായ ചെലവുകൾ** | | **5686000** | **6585000** |
| | പ്രവർത്തനവും പരിപാലനവും - 230 | | | |
| 110 | 2301001 തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജുകൾ | | 1600000 | 2500000 |
| 111 | 2301002 ഇന്ധനചെലവുകൾ | | 300000 | 350000 |
| 112 | 2301003 തദ്ദേശസ്വയംഭരണ സ്ഥാപനത്തിൻറെ മറ്റ് കെട്ടിടങ്ങളുടെ വൈദ്യുതി ചാർജ് | | 75000 | 100000 |
| 113 | 2304099 മറ്റ് വാടകകൾ | | 50000 | 75000 |
| 114 | 2305301 സംരക്ഷണവും പരിപാലനവും - വാഹനങ്ങൾ | | 150000 | 175000 |
| 115 | 2305909 സംരക്ഷണവും പരിപാലനവും - മറ്റുള്ളവ | | 230000 | 300000 |
| 116 | 2308009 വാഹനങ്ങളുടെ രജിസ്ട്രേഷൻ | | 10000 | 15000 |
| 117 | 2308010 അസാധാരണ ചെലവുകൾ | | 445000 | 100000 |
| 118 | 2308013 ശുചിത്വ ചെലവുകൾ | | 0 | 50000 |

| | | | | |
|---|---|---|---|---|
| 119 | 2308099 മറ്റ് പ്രവർത്തനങ്ങളുടെയും അറ്റകുറ്റപ്പണികളുടെയും ചെലവുകൾ | | 100000 | 150000 |
| 120 | 2308201 ലഘുഭക്ഷണ ചെലവുകൾ | | 0 | 50000 |
| | **ആകെ പ്രവർത്തനവും പരിപാലനവും** | | **2960000** | **3865000** |
| | പലിശയും ധനകാര്യ നിരക്കുകളും - 240 | | | |
| 121 | 2407001 ബാങ്ക് ചാർജ്ജുകൾ | | 3000 | 5000 |
| | **ആകെ പലിശയും ധനകാര്യ നിരക്കുകളും** | | **3000** | **5000** |
| | പ്രോഗ്രാം ചെലവുകൾ - 250 | | | |
| 122 | 2501001 ഇലക്ഷൻ ചെലവുകൾ | | 400000 | 100000 |
| 123 | 2502001 ദാരിദ്ര്യനിവാരണ പദ്ധതിയിന്മേലുള്ള ചെലവുകൾ | | 31000000 | 32000000 |
| | **ആകെ പ്രോഗ്രാം ചെലവുകൾ** | | **31400000** | **32100000** |
| | ഉൽപാദന മേഖലയുമായി ബന്ധപ്പെട്ട ചെലവുകൾ - 251 | | | |
| 124 | 2510101 കൃഷി - നെല്ല് | | 18811782 | 0 |
| 125 | 2510104 കൃഷി - പച്ചക്കറികൾ | | 560000 | 0 |
| 126 | 2510136 കാർഷിക രോഗബാധ | | 100000 | 0 |
| 127 | 2510204 മൃഗസംരക്ഷണം - കന്നുക്കുട്ടി | | 450000 | 0 |
| 128 | 2510205 മൃഗസംരക്ഷണം - കോഴി വളർത്തൽ | | 585000 | 0 |
| 129 | 2510209 മൃഗസംരക്ഷണം - പശ്ചാത്തല സൗകര്യങ്ങൾ | | 270000 | 0 |
| 130 | 2510210 മൃഗസംരക്ഷണം - രോഗ നിയന്ത്രണം | | 215000 | 0 |
| 131 | 2510215 മൃഗങ്ങളുടെ സംരക്ഷണം | | 103950 | 0 |
| 132 | 2510301 ക്ഷീരവികസനം - തീറ്റപ്പുല്ല് | | 25000 | 0 |
| 133 | 2510305 ക്ഷീരവികസനം - പാൽ ഇൻസെൻറീവ് | | 590000 | 0 |
| 134 | 2510404 ഉൾനാടൻ മത്സ്യകൃഷി | | 60000 | 0 |
| 135 | 2510418 മത്സ്യത്തൊഴിലാളികളുടെ ക്ഷേമം | | 120000 | 0 |
| 136 | 2511301 സ്വയംതൊഴിലും വിപണന പ്രോത്സാഹനവും | | 200000 | 0 |
| | **ആകെ ഉൽപാദന മേഖലയുമായി ബന്ധപ്പെട്ട ചെലവുകൾ** | | **22090732** | **0** |
| | സേവന മേഖലയുമായി ബന്ധപ്പെട്ട ചെലവുകൾ - 252 | | | |
| 137 | 2520107 വിദ്യാഭ്യാസം - അനുബന്ധ പ്രവർത്തനങ്ങൾ | | 650000 | 0 |
| 138 | 2520108 പട്ടികജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ഉപരി പഠനത്തിന് അഡ്മിഷനുള്ള ധനസഹായം | | 894448 | 0 |

| | | | | |
|---|---|---|---|---|
| 139 | 2520111 എസ് എസ് എ ക്കുള്ള വിഹിതം | | 700000 | 0 |
| 140 | 2520503 കല, സംസ്കാരം, സ്പോർട്സ്, യുവജനക്ഷേമം - പ്രമോഷൻ | | 150000 | 0 |
| 141 | 2520602 ആരോഗ്യ അനുബന്ധ പ്രവർത്തനങ്ങൾ | | 1000000 | 0 |
| 142 | 2520618 ആരോഗ്യ സ്ഥാപനങ്ങൾ - അലോപ്പതി | | 1891000 | 0 |
| 143 | 2520619 ആരോഗ്യ സ്ഥാപനങ്ങൾ - ആയുർവേദം | | 1000000 | 0 |
| 144 | 2520620 ആരോഗ്യ സ്ഥാപനങ്ങൾ - ഹോമിയോ | | 850000 | 0 |
| 145 | 2520701 കുടിവെള്ളം - വ്യക്തിഗതം | | 1058000 | 0 |
| 146 | 2520702 കുടിവെള്ളം - പൊതു | | 1500000 | 0 |
| 147 | 2520801 ഭവനനിർമ്മാണവും വീട് വൈദ്യുതീകരണവും - വ്യക്തിഗതം | | 26690000 | 0 |
| 148 | 2520902 കുട്ടികളുടെ ക്ഷേമ പരിപാടികൾ | | 100000 | 0 |
| 149 | 2520903 സ്ത്രീകളുടെ ക്ഷേമം | | 220000 | 0 |
| 150 | 2520904 പ്രായമായവരുടെ ക്ഷേമം | | 720664 | 0 |
| 151 | 2520905 അഗതികൾക്കുള്ള ക്ഷേമപരിപാടികൾ | | 632000 | 0 |
| 152 | 2520906 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള ക്ഷേമ പരിപാടികൾ | | 1660000 | 0 |
| 153 | 2520908 സാമൂഹ്യ സുരക്ഷാ പരിപാടികൾ | | 205500 | 0 |
| 154 | 2521001 അംഗൻവാടി പോഷകാഹാരം | | 2000000 | 0 |
| 155 | 2521102 അംഗൻവാടി അനുബന്ധ സേവനങ്ങൾ | | 30000 | 0 |
| 156 | 2521203 തൊഴിൽ ശേഷി വർദ്ധിപ്പിക്കൽ - അനുബന്ധ പ്രവർത്തനങ്ങൾ | | 500000 | 0 |
| 157 | 2521402 വൈദ്യുതി ലൈൻ - ട്രാൻസ്ഫോർമർ- വോൾട്ടേജ് വർദ്ധിപ്പിക്കൽ | | 400000 | 0 |
| 158 | 2521501 വിനോദ സഞ്ചാരം - ഭൗതിക സൗകര്യങ്ങൾ | | 647365 | 0 |
| 159 | 2521601 തദ്ദേശഭരണ സ്ഥാപനങ്ങളിലെ സേവനങ്ങൾ മെച്ചപ്പെടുത്തൽ | | 230000 | 0 |
| 160 | 2521602 ഐകെഎമ്മിനുള്ള പേയ്മെൻറുകൾ | | 72278 | 0 |
| 161 | 2521701 ഘടകസ്ഥാപനങ്ങളിലെ സേവനങ്ങൾ മെച്ചപ്പെടുത്തൽ | | 386897 | 0 |
| 162 | 2521801 സാമൂഹ്യ സുരക്ഷാ മിഷനുള്ള വിഹിതം | | 100000 | 0 |
| 163 | 2521903 പൊതു ശുചിത്വം - അനുബന്ധ പ്രവർത്തനങ്ങൾ | | 75000 | 0 |
| 164 | 2521904 ശൗചാലയം (വ്യക്തിഗതം) | | 1614000 | 0 |
| 165 | 2522001 പദ്ധതി രൂപീകരണം, നിർവ്വഹണം, മേൽനോട്ടം | | 460000 | 0 |
| 166 | 2522201 ദുരന്തനിവാരണം - അനുബന്ധ സേവനങ്ങൾ | | 200000 | 0 |
| 167 | 2522304 ഖരമാലിന്യ പരിപാലനം - തരംതിരിക്കൽ | | 603000 | 0 |

| | | | | |
|---|---|---|---|---|
| 168 | 2522305 ഖരമാലിന്യ പരിപാലനം - ശേഖരണവും പരിവഹണവും | | 501160 | 0 |
| 169 | 2522310 ഖരമാലിന്യ പരിപാലനം - ഒഴിവാക്കൽ | | 306900 | 0 |
| 170 | 2522311 ഖരമാലിന്യ പരിപാലനം - സംയോജിത പദ്ധതികൾ | | 300000 | 0 |
| 171 | 2522312 ഖരമാലിന്യ പരിപാലനം - മോണിറ്ററിംഗ് | | 82500 | 0 |
| 172 | 2522314 ഖരമാലിന്യ പരിപാലനം - പ്രോസസ്സിംഗ് - വ്യക്തിഗതം | | 1209830 | 0 |
| 173 | 2522601 കൺസോളിഡേറ്റഡ് ഫണ്ട് തിരിച്ചടവ് | | 0 | 50000 |
| 174 | 2523201 വിവരവിജ്ഞാനവ്യാപനശേഷി വികസനം | | 300000 | 0 |
| | ആകെ സേവന മേഖലയുമായി ബന്ധപ്പെട്ട ചെലവുകൾ | | 49940542 | 50000 |
| | അടിസ്ഥാന സൗകര്യ മേഖലയുമായി ബന്ധപ്പെട്ട ചെലവുകൾ - 253 | | | |
| 175 | 2530101 തെരുവ് വിളക്കുകൾ | | 1200000 | 0 |
| 176 | 2530102 ആഫീസ് വൈദ്യുതീകരണം | | 81000 | 0 |
| 177 | 2530201 റോഡുകൾ | | 27000 | 0 |
| 178 | 2530204 കലുങ്കുകൾ | | 205000 | 0 |
| 179 | 2530302 പൊതു കെട്ടിടങ്ങൾ - മറ്റ് കെട്ടിടങ്ങൾ | | 993800 | 0 |
| 180 | 2530501 എഞ്ചിനീയറിംഗ് വിങ്ങിനുള്ള വാഹന വാടക | | 459480 | 0 |
| | **ആകെ അടിസ്ഥാന സൗകര്യ മേഖലയുമായി ബന്ധപ്പെട്ട ചെലവുകൾ** | | **2966280** | **0** |
| | സംസ്ഥാന സ്പോൺസർ ചെയ്ത പദ്ധതികളുമായി ബന്ധപ്പെട്ട ചെലവുകൾ - 254 | | | |
| 181 | 2540111 ഘടകസ്ഥാപനങ്ങളുടെ ചെലവുകളും പ്രോഗ്രാമുകളും സ്കീമുകളും - കർഷകത്തൊഴിലാളികൾക്കുള്ള പെൻഷൻ | | 12637800 | 12637800 |
| 182 | 2540113 ഘടകസ്ഥാപനങ്ങളുടെ ചെലവുകളും പ്രോഗ്രാമുകളും സ്കീമുകളും - വിധവ പെൻഷൻ | | 15201300 | 15201300 |
| 183 | 2540114 ഘടകസ്ഥാപനങ്ങളുടെ ചെലവുകളും പ്രോഗ്രാമുകളും സ്കീമുകളും - 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | | 559200 | 559200 |
| 184 | 2540115 ഘടകസ്ഥാപനങ്ങളുടെ ചെലവുകളും പ്രോഗ്രാമുകളും സ്കീമുകളും - ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | | 4840400 | 4840400 |
| 185 | 2540118 ഘടകസ്ഥാപനങ്ങളുടെ ചെലവുകളും പ്രോഗ്രാമുകളും സ്കീമുകളും - വാർദ്ധക്യകാല പെൻഷൻ | | 38092700 | 38092700 |
| 186 | 2540138 ഘടകസ്ഥാപനങ്ങളുടെ ചെലവുകളും പ്രോഗ്രാമുകളും സ്കീമുകളും - സ്ത്രീസുരക്ഷാ പദ്ധതി | | 0 | 12000000 |
| | ആകെ സംസ്ഥാന സ്പോൺസർ ചെയ്ത പദ്ധതികളുമായി ബന്ധപ്പെട്ട ചെലവുകൾ | | 71331400 | 83331400 |
| | റവന്യൂ ഗ്രാന്റുകൾ, സംഭാവനകൾ, സബ്സിഡികൾ - 260 | | | |

| | | | | |
|---|---|---|---|---|
| 187 | 2602301 അപകടകരമായ വൃക്ഷങ്ങൾ മുറിച്ച് മാറ്റുന്നതിനുള്ള ചെലവ് | | 75000 | 0 |
| | **ആകെ റവന്യൂ ഗ്രാന്റുകൾ, സംഭാവനകൾ, സബ്സിഡികൾ** | | **75000** | **0** |
| | മുൻ കാലയളവിലെ ഇനങ്ങൾ - 280 | | | |
| 188 | 2808001 മുൻകാല ചെലവുകൾ | | 150000 | 150000 |
| 189 | 2808002 മുൻകാല ചെലവുകൾ- സർക്കാരിലേക്കുള്ള ഉപയോഗിക്കാത്ത ഗ്രാൻറുകളുടെ തിരിച്ചടവ് | | 0 | 100000 |
| | **ആകെ മുൻ കാലയളവിലെ ഇനങ്ങൾ** | | **150000** | **250000** |
| | **ആകെ റവന്യൂ ചെലവ്** | | **209882954** | **155056400** |
| | മൂലധനച്ചെലവ് - 4 | | | |
| | സുരക്ഷിത വായ്പകളുടെ തിരിച്ചടവ് - 330 | | | |
| 190 | 3305003 കെയുആർഡിഎഫ് സിയിൽ നിന്നുള്ള വായ്പകൾ | | 6680000 | 2000000 |
| | **ആകെ സുരക്ഷിത വായ്പകളുടെ തിരിച്ചടവ്** | | **6680000** | **2000000** |
| | നിക്ഷേപങ്ങളുടെ റീഫണ്ട് - 340 | | | |
| 191 | 3401001 നിരതദ്രവ്യം | | 50000 | 75000 |
| 192 | 3401002 സുരക്ഷാ നിക്ഷേപം | | 50000 | 75000 |
| 193 | 3401003 പിടിച്ച് വച്ച തുക | | 350000 | 250000 |
| 194 | 3402006 ഇലക്ഷൻ നിക്ഷേപം (സ്ഥാനാർത്ഥി) | | 0 | 92000 |
| 195 | 3408099 മറ്റ് നിക്ഷേപങ്ങൾ സ്വീകരിച്ചത് | | 25000 | 30000 |
| | ആകെ നിക്ഷേപങ്ങളുടെ റീഫണ്ട് | | 475000 | 522000 |
| | തിരിച്ചടവുകളുടെ പേയ്മെന്റ് - 350 | | | |
| 196 | 3501102 മൊത്തശമ്പളം നൽകാനുള്ളത് | | 530786 | 550000 |
| 197 | 3501116 പെൻഷൻ കോ ൺ ട്രിബ്യൂഷൻ അടക്കാനുള്ളത് | | 53312 | 100000 |
| 198 | 3501122 അവധി ശമ്പളം നൽകാനുള്ളത് | | 0 | 150000 |
| 199 | 3501301 തൊഴിലുടമയുടെ ബാധ്യതകൾ - പെൻഷൻ കോൺട്രിബ്യൂഷൻ (എൻപിഎസ്) | | 27731 | 30000 |
| 200 | 3502001 വസൂലാക്കിയത് ഒടുക്കാനുള്ളവ - ജനറൽ പ്രോവിഡൻറ് ഫണ്ട് | | 21410 | 0 |
| 201 | 3502002 വസൂലാക്കിയത് ഒടുക്കാനുള്ളവ - കേരള പഞ്ചായത്ത് എംപ്ലോയീസ് പ്രോവിഡൻറ് ഫണ്ട് | | 93570 | 0 |
| 202 | 3502003 വസൂലാക്കിയത് ഒടുക്കാനുള്ളവ - മുനിസിപ്പാലിറ്റി റെഗുലർ ജീവനക്കാരുടെ പ്രോവിഡൻറ് ഫണ്ട് | | 5000 | 8000 |

| | | | | |
|---|---|---|---|---|
| 203 | 3502007 വസൂലാക്കിയത് ഒടുക്കാനുള്ളവ – കോടതി അറ്റാച്ച്മെൻറുകൾ | | 10000 | 0 |
| 204 | 3502012 വസൂലാക്കിയത് ഒടുക്കാനുള്ളവ – സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് | | 8700 | 0 |
| 205 | 3502013 വസൂലാക്കിയത് ഒടുക്കാനുള്ളവ – ഗ്രൂപ്പ് സേവിംഗ് ലൈഫ് ഇൻഷ്വറൻസ് | | 11665 | 0 |
| 206 | 3502014 വസൂലാക്കിയത് ഒടുക്കാനുള്ളവ – ഗ്രൂപ്പ് ഇൻഷ്വറൻസ് | | 9400 | 0 |
| 207 | 3502020 വസൂലാക്കിയത് ഒടുക്കാനുള്ളവ – കോൺട്രിബ്യൂട്ടറി പെൻഷൻ | | 33285 | 0 |
| 208 | 3502022 വസൂലാക്കിയത് ഒടുക്കാനുള്ളവ – മെഡിസെപ് – റെഗുലർ | | 8000 | 0 |
| 209 | 3502024 വസൂലാക്കിയത് ഒടുക്കാനുള്ളവ – ജീവനക്കാരിൽ നിന്നുള്ള മറ്റ് റിക്കവറികൾ | | 0 | 10000 |
| 210 | 3502025 വസൂലാക്കിയത് ഒടുക്കാനുള്ളവ – സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത ആദായനികുതി | | 30963 | 2500 |
| 211 | 3502026 വസൂലാക്കിയത് ഒടുക്കാനുള്ളവ – കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് | | 322244 | 2500 |
| 212 | 3503001 സർക്കാർ,സർക്കാരിതര സ്ഥാപനങ്ങൾക്ക് കൊടുക്കേണ്ട തുക – ലൈബ്രറി സെസ് | | 253581 | 700000 |
| 213 | 3503005 സർക്കാർ,സർക്കാരിതര സ്ഥാപനങ്ങൾക്ക് കൊടുക്കേണ്ട തുക – റ്റിഡിഎസ് – സിജിഎസ് റ്റി | | 82423 | 2000 |
| 214 | 3503006 സർക്കാർ,സർക്കാരിതര സ്ഥാപനങ്ങൾക്ക് കൊടുക്കേണ്ട തുക – റ്റിഡിഎസ് – എസ് ജിഎസ് റ്റി | | 82423 | 2000 |
| 215 | 3503008 സർക്കാർ,സർക്കാരിതര സ്ഥാപനങ്ങൾക്ക് കൊടുക്കേണ്ട തുക – സിജിഎസ് റ്റി | | 15722 | 0 |
| 216 | 3503009 സർക്കാർ,സർക്കാരിതര സ്ഥാപനങ്ങൾക്ക് കൊടുക്കേണ്ട തുക – എസ് ജിഎസ് റ്റി | | 15722 | 0 |
| 217 | 3503013 സർക്കാർ,സർക്കാരിതര സ്ഥാപനങ്ങൾക്ക് കൊടുക്കേണ്ട തുക – മറ്റുള്ളവ | | 0 | 150000 |
| 218 | 3504010 കൊടുക്കാനുള്ള തിരിച്ചടവുകൾ – മറ്റ് ഫീസുകൾ | | 0 | 30000 |
| 219 | 3504018 കൊടുക്കാനുള്ള തിരിച്ചടവുകൾ – ഗ്രാൻറുകളും ഫണ്ടുകളും | | 0 | 100000 |
| 220 | 3508001 കാലാവധി കഴിഞ്ഞ ചെക്കുകൾ സംബന്ധിച്ച ബാധ്യത | | 14000 | 50000 |
| | **ആകെ തിരിച്ചടവുകളുടെ പേയ്മെന്റ്** | | **1629937** | **1887000** |
| | സ്ഥിര ആസ്തികൾ – 410 | | | |
| 221 | 4101001 ഭൂമി – ലോക്കൽബോഡി | | 1000000 | 0 |
| 222 | 4101003 പാർക്കുകൾ | | 500000 | 0 |
| 223 | 4102002 അഡ്മിനിസ്ട്രേറ്റിവ് ബിൽഡിംഗ്സ് | | 250000 | 0 |
| 224 | 4102016 മറ്റ് കെട്ടിടങ്ങൾ | | 492272 | 0 |
| 225 | 4102017 ചുറ്റുമതിൽ | | 1100000 | 0 |
| 226 | 4102019 ഫ്രീ സ്റ്റൈൽ ഓപ്പൺ ജിം | | 900000 | 0 |
| 227 | 4103001 കോൺക്രീറ്റ് റോഡുകൾ | | 9507761 | 0 |

| | | | | |
|---|---|---|---|---|
| 228 | 4103002 ബ്ലാക്ക് ടോപ്പ്ഡ് റോഡുകൾ | | 6112000 | 0 |
| 229 | 4103003 ഇൻറർലോക്ക്ഡ് റോഡുകൾ | | 1214000 | 0 |
| 230 | 4103012 സൈഡ് വാൾ | | 4010000 | 0 |
| 231 | 4103302 തെരുവ് വിളക്ക് | | 400000 | 0 |
| 232 | 4104001 പ്ലാൻറുകളും യന്ത്രസാമഗ്രികളും | | 150000 | 0 |
| 233 | 4105001 വാഹനങ്ങൾ | | 175000 | 0 |
| 234 | 4106002 കമ്പ്യൂട്ടറുകൾ, പ്രിൻററുകൾ മറ്റ് ഉപകരണങ്ങൾ | | 1156200 | 0 |
| 235 | 4108001 മറ്റ് സ്ഥിര ആസ്തികൾ | | 3151000 | 0 |
| | **ആകെ സ്ഥിര ആസ്തികൾ** | | **30118233** | **0** |
| | വായ്പകൾ, മുൻകൂർ പണം, നിക്ഷേപങ്ങൾ – 460 | | | |
| 236 | 4601001 ജീവനക്കാർക്കുള്ള ഉത്സവ മുൻകൂറുകൾ | | 233000 | 300000 |
| 237 | 4605002 നിർവ്വഹണ ഏജൻസികൾക്കുള്ള മുൻകൂറുകൾ | | 0 | 150000 |
| 238 | 4605003 നിർവ്വഹണ ഉദ്യോഗസ്ഥർക്കുള്ള മുൻകൂറുകൾ | | 0 | 150000 |
| 239 | 4605005 മഹാത്മാഗാന്ധി എൻആർഇജിഎസ്/ എയുഇജിഎസ് നുള്ള മുൻകൂറുകൾ | | 3468770 | 2000000 |
| 240 | 4605099 മറ്റുള്ളവർക്കുള്ള മുൻകൂർ | | 150000 | 200000 |
| | **ആകെ വായ്പകൾ, മുൻകൂർ പണം, നിക്ഷേപങ്ങൾ** | | **3851770** | **2800000** |
| | **ആകെ മൂലധനച്ചെലവ്** | | **42754940** | **7209000** |
| | **ആകെ ചെലവ്** | | **252637894** | **162265400** |
| | **ആകെ വരവ്** | | **221527144** | **243187520** |
| | **ബാലൻസ്** | | **17074145** | **97991265** |